പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4415 — 25.10.2016 - ൽ മറുപടിയ്ക്ക്

കയർ വ്യവസായം

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഉത്തരം<br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന കയർ വ്യവസായവും കയർ വ്യവസായ സഹകരണ സംഘങ്ങളും ഇപ്പോൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;; | എ) മുൻ സർക്കാരിന്റെ കാലത്ത് കയർ വ്യവസായവും സംഘങ്ങളും വലിയ പ്രതിസന്ധിയെ നേരിടുകയാണുണ്ടായത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. |
| ബി)ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ; | ബി)<br>a) ഒരു രണ്ടാം കയർ പുന:സംഘടനാ പരിപാടി സർക്കാർ നടപ്പിലാക്കുന്നതാണ്. മിനിമം വേതനം ഉറപ്പാക്കി കയർ പിരി തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തുന്ന തരത്തിൽ കയർ സഹകരണ സംഘങ്ങളുടെ സാമ്പത്തികവും, സാങ്കേതികവും, സംഘടനാപരവുമായ പുന:സംഘടനയാണ് ലക്ഷ്യമിടുന്നത്. സംഘങ്ങളുടെ പുന:സംഘടനയ്ക്ക് ആവശ്യമായ വിഭവം NCDC യിൽനിന്നും കണ്ടെത്തുന്നതാണ്.<br>b) സംസ്ഥാനത്ത് നിന്നും വഴിമാറിപ്പോകുന്ന കയർവ്യവസായത്തെ പിടിച്ചുനിർത്തുന്നതിനായി സമ്പൂർണ്ണ ആധുനീകരണം നടപ്പിലാക്കും.<br>c) ചകിരി ഉത്പാദനത്തിനും ചകിരിച്ചോറിന്റെ വിനിയോഗത്തിനും വേണ്ടി അത്യാധുനികരീതിയിലുള്ള മില്ലുകൾ സ്ഥാപിക്കും.<br>d) കയർ കോംപോസിറ്റ് ബോർഡ് നിർമ്മാണം പോലെയുള്ള പുത്തൻമേഖലകളിലേയ്ക്ക് വ്യവസായത്തെ നയിക്കും.<br>e) ആധുനീകരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത തൊഴിൽമേഖലയ്ക്കും തൊഴിലാളികൾക്കും സമ്പൂർണ്ണ സംരക്ഷണം നൽകും.<br>f) കയർ ക്രയവിലസ്ഥിരതാ ഫണ്ട് 17 കോടിയിൽ നിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| സി)കയർ വികസന കോർപ്പറേഷൻ, കയർ വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) 2016 ഏപ്രിൽ മാസം മുതലുള്ള കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുകയും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പെൻഷൻ തുക മുൻകൂറായി ഓണക്കാലത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2013-14 വർഷം മുതൽ കയർ തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമനിധി |

| | |
|---|---|
| | ആനുകൂല്യങ്ങൾ 2016 നവംബർ, ഡിസംബർ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്വീകരിച്ചു വരുന്നു. കയർ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ